പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2193 | 16.08. 2017 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി. ജൂനിയർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

ചോദ്യം

ശ്രീ.വി.ജോയി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ. എസ്. ഇ. ബി. യിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;<br>(ബി) കെ. എസ്. ഇ. ബി. യിൽ കാഷ്യർ/ക്ലാർക്ക്/എൽ.ഡി. ക്ലാർക്ക്/ ടൈംകീപ്പർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;<br>(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ),(ബി) &(സി) വൈദ്യുതി ബോർഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർ അധിഷ്ഠിത ബില്ലിംഗ് അടക്കമുള്ള ആധുനിക വൽക്കരണ നടപടികളുടെയും PDA അടക്കമുള്ള ബില്ലിംഗ് സംവിധാനങ്ങളുടെയും ഭാഗമായി ജീവനക്കാരുടെ ജോലി ഭാരത്തിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് വിവിധ വിഭാഗം ജീവനക്കാരുടെ സേവനം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ നടക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിലേ കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ എത്ര ജീവനക്കാർ ആവശ്യമുണ്ടെന്നും ഒഴിവുകൾ ഉണ്ടോ എന്നും തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. ഇങ്ങനെ തിട്ടപ്പെടുത്തുന്നതും വൈദ്യുതി ബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് അനിവാര്യമായതുമായ ഒഴിവുകൾ മാത്രമേ PSC യ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂ. ഈ ഒഴിവുകൾ തിട്ടപ്പെടുത്തുന്ന മുറയ്ക്ക് അവ PSC യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ